43479/18 J 5

# കേരള സർക്കാർ

നമ്പർ. 359411/എസ്.എൽ.1/2018/ധന.

ധനകാര്യ (സ്കീംലൈനിംഗ്) വകുപ്പ്,
തിരുവനന്തപുരം,
തീയതി : 17.10.2018.
ഫോൺ : 2518814
email.info.fin@kerala.gov.in

ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറി.

**കോളേജ് വിദ്യാഭ്യാസ ഡയറക്ടർ**
തിരുവനന്തപുരം.

സർ,

വിഷയം :- യു. ജി. സി. പേ റിവിഷൻ അരിയർ ബിൽ നോൺ സ്പാർക്ക് ബിൽ ആയി സമർപ്പിക്കുന്നതു - സംബന്ധിച്ച്.

സൂചന :- (1) 21.3.2018 – ലെ ഇതേ നമ്പർ സർക്കാർ കത്തും, 26.04.2018, 24.05.2018 എന്നീ തീയ്യതികളിലെ ഓർമ്മക്കുറിപ്പുകളും.

(2) സീനിയർ ഫിനാൻസ് ഓഫീസർക്ക് അയച്ച 30.6.2018 – ലെ ഇതേ നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

(3) 15.10.2018 - ൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) യ്ക്ക് അയച്ച ഇതേ നമ്പർ കത്ത്.

(4) 16.10.2018 - ലെ ഇതേ നമ്പർ സർക്കാർ കത്ത്.

മേൽ സൂചനകളിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിയ്ക്കുന്നു. യു.ജി.സി. ശമ്പള കുടിശ്ശികയുമായി ബന്ധപ്പെട്ട സ്പാർക്കിതര ബില്ലുകൾ മാറുന്നതു സംബന്ധിച്ച് ഇനിയും തീരുമാനമാകാത്ത കേസുകളുടെ (പെൻഷനേഴ്സിന്റേതുൾപ്പെടെ എല്ലാ കോളേജുകളുടെയും) വിശദ വിവരങ്ങൾ ലഭ്യമാക്കുവാൻ സൂചന (1), (2) എന്നിവകളിലെ കത്തുകൾ പ്രകാരം താങ്കളോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ മറുപടി ലഭ്യമാക്കിയിട്ടില്ല. എന്നാൽ, ഇത്തരം സ്പാർക്കിതര ബില്ലുകൾ മാറുന്നതു സംബന്ധിച്ച് നിരവധി അപേക്ഷകൾ സർക്കാരിലേയ്ക്ക് ലഭിച്ചുകൊണ്ടിരിക്കുന്നതിനാൽ നിലവിലെ വ്യവസ്ഥകൾക്കു വിധേയമായി തുടർന്നും സ്പാർക്കിതര ബില്ല് സ്വീകരിക്കുന്നതിനുള്ള കാലയളവ് സൂചന (4) പ്രകാരം **31.12.2018 വരെ** ദീർഘിപ്പിച്ച് അനുമതി നൽകിയിട്ടുണ്ട്. അതിനാൽ സൂചന (1), (2) എന്നിവയിലെ സർക്കാർ കത്തുകളിൽ അടിയന്തിരമായി മറുപടി ലഭ്യമാക്കേണ്ടതാണെന്നും **മേൽ ബില്ലുകൾ സ്പാർക്കിതര ബില്ലുകളായി സമർപ്പിക്കുന്നതിന് ഇനിയും സമയ പരിധി ദീർഘിപ്പിച്ച് നൽകാനാവില്ലെന്നും** അറിയിയ്ക്കുന്നു.

വിശ്വസ്തതയോടെ,

**സുരേഷ് കുമാർ. ഒ. ബി,**
അണ്ടർ സെക്രട്ടറി,
ധനകാര്യ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കു വേണ്ടി.

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്,

സെക്ഷൻ ഓഫീസർ.

മേലെഴുത്ത് നം. ജെ 5/44484/2016/കോ.വി.വ/ തീയതി. 03.11.2018

സർക്കാര കത്തിന്റെ പകർപ്പ് തുടർ നടപടികൾക്കായും അറിവിലേയ്ക്കായും ഇതോടൊപ്പം നൽകുന്നു.

ഒപ്പ്/-
മഞ്ജുള.റ്റി.പി
സീനിയർ അഡ്മിനിസ്ട്രേറ്റീവ്അസിസ്റ്റന്റ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

പകർപ്പ്;-

1. എല്ലാ കോളേജ് പ്രിൻസിപ്പാൾമാർക്കും
2. ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർക്കും

//അംഗീകാരത്തോടെ//

Gayathridevi.T.P

സൂപ്രണ്ട്.